"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം- കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (CUSAT) സെന്റർ ഫോർ ഇന്റഗ്രേറ്റഡ് സ്റ്റഡീസിൽ കേരള പോലീസ് അക്കാദമിയും കുസാറ്റുമായി സംയോജിത അക്കാഡമിക്ക് പരിപാടികൾ നടത്തുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പുവച്ച നടപടി സാധൂകരിച്ചും 5 പോലീസ് ഉദ്യോഗസ്ഥർക്ക് വീതം പ്രതിവർഷം ഓരോ കോഴ്സിലും (M.Sc കമ്പ്യൂട്ടർ സയൻസ്, M.Sc ഫോറൻസിക് സയൻസ്) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ചേർന്ന് പഠിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

---

**ആഭ്യന്തര(എ) വകുപ്പ്**

സ.ഉ.(കൈ) നം.152/2022/HOME തീയതി,തിരുവനന്തപുരം, 26-07-2022

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 03.03.2021 തീയതിയിലെയും നം : I4-18603/2021/PHQ & 22.03.2021 തീയതിയിലെയും നം : I4/29260/2021/PHQ കത്തുകൾ

**<u>ഉത്തരവ്</u>**

കേരള പോലീസ് അക്കാഡമി (KEPA) യും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും തമ്മിൽ സംയോജിത അക്കാഡമിക് പരിപാടികൾ നടത്തുന്നതിനും Thematic Short term ട്രെയിനിംഗ് പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഒരു ധാരണാപത്രം 29.08.2019 ൽ ഒപ്പുവയ്ക്കുകയുണ്ടായി എന്നും പ്രസ്തുത ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിരുന്നില്ല എന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു. അഡ്മിഷൻ ലഭിയ്ക്കുന്ന ഉദ്യോഗസ്ഥർ M.Sc കോഴ്സുകളുടെ ട്യൂഷൻ ഫീസ് സ്വന്തമായാണ് അടയ്ക്കുന്നതെന്നും CUSAT നടത്തുന്ന കോമൺ എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിൽ, കൂടുതൽ മാർക്ക് ലഭിയ്ക്കുന്ന ആദ്യത്തെ അഞ്ച് ഉദ്യോഗസ്ഥർക്കാണ് പോലീസ് ക്വാട്ടയിൽ പ്രവേശനം നൽകുന്നതെന്നും പോലീസ് വകുപ്പിൽ സബ്ജക്ട് സ്പെഷ്യലൈസേഷനിലൂടെ പ്രൊഫഷണലിസം കൊണ്ടുവരുന്നതിലേയ്ക്കായി, പ്രസ്തുത ധാരണാപത്രം അംഗീകരിക്കണമെന്നും പ്രതിവർഷം തിരഞ്ഞെടുക്കപ്പെടുന്ന 5 പോലീസ് ഉദ്യോഗസ്ഥരെ വീതം ടി കോഴ്സുകളിൽ പഠനം നടത്തുന്നതിന് അയയ്ക്കുന്നതിനായി അധികാരപ്പെടുത്തണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു .

2)ഇന്ന് ലോകത്ത് ഏറ്റവും ശ്രദ്ധേയമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമാണ് കേരള പോലീസിന്റേത്. ഏകദേശം അഞ്ച് ലക്ഷത്തിലധികം പേർ ഇതിലെ ഉള്ളടക്കങ്ങൾ പങ്കുവെയ്ക്കുകയോ,ഇഷ്ടപ്പെടുകയോ ചെയ്യുന്നതായി കണ്ടിട്ടുണ്ട്.ലോകത്താകെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പു വരുത്തുന്നതും ഇന്ന് ആധുനിക പോലീസ് സംവിധാത്തിന്റെ ഭാരിച്ച ഉത്തരവാദിത്വമാണ്. നമ്മുടെ കുട്ടികൾക്കിടയിൽ പടർന്നുപിടിയ്ക്കുന്ന സൈബർ ലോകത്തിന്റെ ചതിക്കുഴികൾ, അപകടങ്ങൾ എന്നിവയ്ക്കെതിരൊയ ജാഗ്രത പോലീസിന് കടുത്ത വെല്ലുവിളിയാണ്.മികവിന്റെ നിരവധി അംഗീകാരങ്ങൾ ഇതിനകം നേടിയ സംവിധാനമാണ് പോലീസ് സൈബർഡോം. ഇനിയുള്ള കാലത്തും സൈബർക്രൈം അന്വേഷണം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

3)ഒരു കുറ്റകൃത്യം നടന്നാൽ ആ കുറ്റകൃത്യത്തിന് പുറകിൽ പ്രവർത്തിച്ചവരെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിയ്ക്കുന്നതിന് പുറമേ അവയിലെ പൊതുഘടകങ്ങളെ വേർതിരിച്ചറിയുക എന്നത് കുറ്റാന്വേഷണത്തിന്റെ കാതലായ ഘടകമാണ്. ഇതിന് പര്യാപ്തമായ ഒരു സൈബർ വിഭാഗം ആരംഭിയ്ക്കുവാൻ ഇതിനകം തീരുമാനിച്ചു കഴിഞ്ഞു.

4)നിലവിൽ ഇത്തരം സൈബർ വിശകലനത്തിനും ക്രോഡീകരണത്തിനും വേണ്ടി പ്രത്യേകം തസ്തിക സൃഷ്ടിയ്ക്കുന്ന രീതിയല്ല പോലീസ് സ്വീകരിച്ചിട്ടുള്ളത്. മറിച്ച്, പോലീസ് സേനയിലേയ്ക്ക് എത്തിച്ചേരുന്ന എഞ്ചിനീയറിംഗ് ബിരുദധാരികളുടെ സേവനം വിനിയോഗിച്ചുകൊണ്ടാണ് ഇത് നിർവ്വഹിയ്ക്കുന്നത്.ഇത്തരം കൂട്ടായ പ്രവർത്തനത്തിന്റെ ഉൽപന്നമാണ് ഇന്ന് കാണുന്ന പ്രൊഫഷണലായ പ്ലാറ്റ്ഫോമുകൾ.സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനാണെങ്കിലും, സോഷ്യൽ പോലീസിംഗിലാണെങ്കിലും ഈ മികവ് നിലനിർത്തേണ്ടതുണ്ട്.അതിന് സഹായകരമായ സംവിധാനമെന്ന നിലയ്ക്കാണ് കേരളത്തിലെ മികവുറ്റ യൂണിവേഴ്സിറ്റിയായ കുസാറ്റിന്റെ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിൽ ചേർന്ന് പഠിയ്ക്കുന്നതിന് പോലീസ് സേനയിലെ അഞ്ച് ഉദ്യോഗസ്ഥർക്ക് അവസരമുണ്ടാകണമെന്ന നിലയ്ക്ക് പോലീസ് മേധാവി കുസാറ്റുമായി എം.ഒ.യു ഒപ്പിട്ടത്.ജോയിന്റ് അക്കാഡമിക്ക് പ്രോഗ്രാം ആന്റ് റ്റ ഓർഗനൈസിംഗ് ഷോർട്ട് ടേം ട്രെയിനിഗ് പ്രോഗ്രാമായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്.

5)റെഗുലർ കോഴ്സുകളിൽ ചേർന്ന് പഠിയ്ക്കുന്ന പോലീസ് സേനയിലെ അംഗങ്ങൾക്ക് ഇതുവഴി അവരുടെ മേഖലയിലെ പ്രശ്നങ്ങൾ അറിഞ്ഞുകൊണ്ടുള്ള പഠനത്തിൽ കേന്ദ്രീകരിയ്ക്കാൻ കഴിയും. അത് പൊതുവായി പഠിച്ചിറങ്ങുന്ന കുട്ടികളെ തെരെഞ്ഞെടുത്ത് നിയമിയ്ക്കുന്ന രീതിയേക്കാൾ കൂടുതൽ പ്രയോജനപ്രദമാകും.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (CUSAT) സെന്റർ ഫോർ ഇന്റഗ്രേറ്റഡ് സ്റ്റഡീസിൽ സർക്കാരിന്റെ മുൻകൂർ അനുമതി തേടാതെ കേരള പോലീസ് അക്കാദമിയും കുസാറ്റുമായി സംയോജിത അക്കാഡമിക്ക് പരിപാടികൾ നടത്തുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പുവച്ച നടപടി സാധൂകരിച്ചുകൊണ്ടും 5 പോലീസ് ഉദ്യോഗസ്ഥർക്ക് വീതം പ്രതിവർഷം ഓരോ കോഴ്സിലും (M.Sc കമ്പ്യൂട്ടർ സയൻസ്, M.Sc ഫോറൻസിക് സയൻസ്) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ചേർന്ന് പഠിക്കുന്നതിന് അനുബന്ധത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

7)പ്രസ്തുത കോഴ്സുകളിലേയ്ക്ക് പോലീസ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും, തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥർ പാലിക്കേണ്ട വ്യവസ്ഥകളും അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം

ധനകാര്യ വകുപ്പ് (EXP-A3/ 374/ 2021/FIN , dated 11.01.2022 )

ഉന്നത വിദ്യഭ്യാസ വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ )(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Cabinet on 20-07-2022 has approved
സെക്ഷൻ ഓഫീസർ

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പൊതുഭരണ (എസ്.സി ) വകുപ്പ് ( ഇനം നം . 932 , തീയതി 20.07.2022)

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-07-2022

ഫയൽ നം. എ5/100/2021/ആഭ്യന്തരം. ഇനം നം: 932

വിഷയം : ആഭ്യന്തര വകുപ്പ് - കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ സെന്റർ ഫോർ ഇന്റഗ്രേറ്റഡ് സ്റ്റഡീസിൽ 2 വർഷത്തെ M.Sc. കമ്പ്യൂട്ടർ സയൻസ്, M.Sc. ഫോറൻസിക് സയൻസ് എന്നീ കോഴ്സുകളിൽ പോലീസ് സേനയിലെ തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പങ്കെടുക്കുന്നതിന് അനുമതി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

Office of the Additional Chief Secretary, Home

R 24/7/22

932

(70)

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | **എ 5/100/2021/ആഭ്യന്തരം.** |
| 2. | വകുപ്പ് | : | ആഭ്യന്തര (എ) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സെന്റർ ഫോർ ഇന്റഗ്രേറ്റഡ് സ്റ്റഡീസിൽ 2 വർഷത്തെ M.Sc കമ്പ്യൂട്ടർ സയൻസ്, M.Sc ഫോറൻസിക് സയൻസ് എന്നീ കോഴ്സുകളിൽ പോലീസ് സേനയിലെ തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പങ്കെടുക്കുന്നതിന് അനുമതി - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/04/2022 |
| 5. | 1. ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | : | ആണ് |
| | 2. സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സുഭാഷ് ആർ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. വേണു |
| 9. | മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08.07.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.07.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ പിണറായി വിജയൻ |
| 13. | മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15.07.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.07.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## <u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (CUSAT) സെന്റർ ഫോർ ഇന്റഗ്രേറ്റഡ് സ്റ്റഡീസിൽ 2 വർഷത്തെ M.Sc. കമ്പ്യൂട്ടർ സയൻസ്, M.Sc. ഫോറൻസിക് സയൻസ് എന്നീ കോഴ്സുകളിൽ പോലീസ് സേനയിലെ തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പങ്കെടുക്കുന്നതിനുള്ള അനുമതി സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ കൈകാര്യം ചെയ്യുന്നത്.

**2)** കേരള പോലീസ് അക്കാഡമി (KEPA) യും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും തമ്മിൽ സംയോജിത അക്കാഡമിക് പരിപാടികൾ നടത്തുന്നതിനും Thematic Short term ട്രെയിനിംഗ് പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഒരു ധാരണാപത്രം 29.08.2019 ൽ ഒപ്പുവയ്ക്കുകയുണ്ടായി എന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യത്തിൽ ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിരുന്നില്ല. അഡ്മിഷൻ ലഭിക്കുന്ന ഉദ്യോഗസ്ഥർ M.Sc കോഴ്സുകളുടെ ട്യൂഷൻ ഫീസ് സ്വന്തമായാണ് ~~കൈയിൽനിന്നുമാണ്~~ അടയ്ക്കുന്നത് എന്നും CUSAT നടത്തുന്ന കോമൺ എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിൽ , കൂടുതൽ മാർക്ക് ലഭിക്കുന്ന ആദ്യത്തെ 5 ഉദ്യോഗസ്ഥർക്കാണ് പോലീസ് ക്വാട്ടയിൽ പ്രവേശനം നൽകുന്നത് എന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പിൽ സബ്ജക്ട് സ്പെഷ്യലൈസേഷനിലൂടെ പ്രൊഫഷണലിസം കൊണ്ടുവരുന്നതിലേയ്ക്കായി, പ്രസ്തുത ധാരണാപത്രം അംഗീകരിക്കണമെന്നും പ്രതിവർഷം തിരഞ്ഞെടുക്കപ്പെടുന്ന 5 പോലീസ് ഉദ്യോഗസ്ഥരെ വീതം ടി കോഴ്സുകളിൽ പഠനം നടത്തുന്നതിന് അയയ്ക്കുന്നതിനായി അധികാരപ്പെടുത്തണമെന്നും സംസ്ഥാന പോലീസ് മേധാവി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട് .

**3)** ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

*"AD is informed that action of the Police department in signing MoU for conducting joint academic programmes with Kerala Police Academy and Cochin University of Science and Technology without government consent is not in order, however as the case is fait accompli AD may take appropriate decision in the matter of ratification of the irregular action of Police department.*

*Regarding the point of sending police personnel on deputation for the said course, the proposed courses are regular academic courses of a University. The courses proposed to be conducted in no way directly linked to the job profile of the police personnel and joint conducting of such courses by Kerala Police academy and CUSAT may not be taken as a fit reason for sending police personnel for such courses on deputation.*

*Regarding the financial angle, the yearly salary of a policeman will be around Rs.8 Lakhs per annum, hence for sending five persons for two year Rs.80 Lakhs expenditure is involved. If the Police department needs the service of persons having qualification of the proposed courses, that department may resort for fetching personnel having such technical qualification from among the persons in service.*

*Police department in many proposals have reported that they are experiencing acute shortage of manpower. Hence keeping five posts vacant for a period of two years is not practical and the Police department will definitely demand for filling of posts vacated by the deputationists. Hence the government have to wage an amount of Rs. 80 Lakhs, plus, two years pensionary service of five incumbents.*

*Since the course is not a one time course, if the deputation will be allowed the process will be a continuous affair which will have the effect of creation of five posts for sending incumbents for courses conducted by the CUSAT.*

*Nowadays, in government deputation benefits are allowed for higher studies only to Medical officers in Health allied departments, there also deputation benefits are not given to serving incumbents on getting PG admission outside service quota.*

*In view of the points noted above, 'Finance' does not agree to send police personnel for studying courses jointly conducted by CUSAT and KEPA on deputation basis and it is insisted that if persons are allowed for such courses the course period will be on LWA.*

*This has the approval of the Hon'ble Minister (Finance)."*

4) ഇന്ന് ലോകത്ത് ഏറ്റവും ശ്രദ്ധേയമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമാണ് കേരള പോലീസിന്റേത്. ഏകദേശം അഞ്ച് ലക്ഷത്തിലധികം പേർ ഇതിലെ ഉള്ളടക്കങ്ങൾ പങ്കുവയ്ക്കുകയോ, ഇഷ്ടപ്പെടുകയോ ചെയ്യുന്നതായി കണ്ടിട്ടുണ്ട്. ലോകത്താകെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതും ഇന്ന് ആധുനിക പോലീസ് സംവിധാനത്തിന്റെ ഭാരിച്ച ഉത്തരവാദിത്വമാണ്. നമ്മുടെ കുട്ടികൾക്കിടയിൽ പടർന്നുപിടിക്കുന്ന സൈബർ ലോകത്തിന്റെ ചതിക്കുഴികൾ, അപകടങ്ങൾ എന്നിവയ്ക്കെതിരായ ജാഗ്രത പോലീസിന് കടുത്ത വെല്ലുവിളിയാണ്. മികവിന്റെ നിരവധി അംഗീകാരങ്ങൾ ഇതിനകം നേടിയ സംവിധാനമാണ് പോലീസ് സൈബർഡോം. ഇനിയുള്ള കാലത്തും സൈബർക്രൈം അന്വേഷണമെന്നുള്ളത് കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

5) ഒരു കുറ്റകൃത്യം നടന്നാൽ ആ കുറ്റകൃത്യത്തിന് പുറകിൽ പ്രവർത്തിച്ചവരെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് പുറമേ, അവയിലെ പൊതുഘടകങ്ങളെ വേർതിരിച്ചറിയുക എന്നത് കുറ്റാന്വേഷണത്തിന്റെ കാതലായ ഘടകമാണ്. ഇതിന് പര്യാപ്തമായ ഒരു സൈബർ വിഭാഗം ആരംഭിക്കുവാൻ ഇതിനകം തീരുമാനിച്ചു കഴിഞ്ഞു.

6) നിലവിൽ ഇത്തരം സൈബർ വിശകലനത്തിനും ക്രോഡീകരണത്തിനും വേണ്ടി പ്രത്യേകം തസ്തിക സൃഷ്ടിക്കുന്ന രീതിയല്ല പോലീസ് സ്വീകരിച്ചിട്ടുള്ളത്. മറിച്ച്, പോലീസ് സേനയിലേയ്ക്ക് എത്തിച്ചേരുന്ന എഞ്ചിനീയറിംഗ്

ബിരുദധാരികളുമായവരുടെ സേവനം വിനിയോഗിച്ചുകൊണ്ടാണ് ഇത് നിർവ്വഹിക്കുന്നത്. ഇത്തരം കൂട്ടായ പ്രവർത്തനത്തിന്റെ ഉൽപ്പന്നമാണ് ഇന്നു കാണുന്ന പ്രൊഫഷണലായ പ്ലാറ്റ്ഫോമുകൾ. സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനാണെങ്കിലും, സോഷ്യൽ പോലീസിംഗിലാണെങ്കിലും ഈ മികവ് നിലനിർത്തേണ്ടതുണ്ട്. അതിന് സഹായകരമായ സംവിധാനമെന്ന നിലയ്ക്കാണ് കേരളത്തിലെ മികവുറ്റ യൂണിവേഴ്സിറ്റിയായ കുസാറ്റിന്റെ എം.എസ്.സി കംപ്യൂട്ടർ സയൻസ് പ്രോഗ്രാമിൽ ചേർന്ന് പഠിക്കുന്നതിന് പോലീസ് സേനയിലെ അഞ്ച് ~~പേർക്ക്~~ ഉദ്യോഗസ്ഥർക്ക് അവസരമുണ്ടാകണമെന്ന നിലയ്ക്ക് പോലീസ് മേധാവി കുസാറ്റുമായി എം.ഒ.യു. ഒപ്പിട്ടത്. ജോയിന്റ് അക്കാഡമിക് പ്രോഗ്രാം ആൻറ് റ്റു ഓർഗനൈസിംഗ് ഷോർട്ട് ടേം ട്രെയ്നിംഗ് പ്രോഗ്രാമായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്

7) റെഗുലർ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്ന പോലീസ് സേനയിലെ അംഗങ്ങൾക്ക് ഇതുവഴി അവരുടെ മേഖലയിലെ പ്രശ്നങ്ങൾ അറിഞ്ഞുകൊണ്ടുള്ള പഠനത്തിൽ കേന്ദ്രീകരിക്കാൻ കഴിയും. അത് പൊതുവായി പഠിച്ചിറങ്ങുന്ന കുട്ടികളെ തെരഞ്ഞെടുത്ത് നിയമിക്കുന്ന രീതിയേക്കാൾ കൂടുതൽ പ്രയോജനപ്രദമാകും.

8) കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (CUSAT) സെന്റർ ഫോർ ഇന്റഗ്രേറ്റഡ് സ്റ്റഡീസിൽ 2 വർഷത്തെ M.Sc. കമ്പ്യൂട്ടർ സയൻസ്, M.Sc. ഫോറൻസിക് സയൻസ് എന്നീ കോഴ്സുകളിലേയ്ക്ക് പോലീസ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും, തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥർ പാലിക്കേണ്ട വ്യവസ്ഥകളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

9) ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

സർക്കാരിന്റെ മുൻകൂർ അനുമതി തേടാതെ കേരള പോലീസ് അക്കാദമിയും കുസാറ്റുമായി സംയോജിത അക്കാഡമിക്ക് പരിപാടികൾ നടത്തുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പുവച്ച നടപടി സാധൂകരിക്കാമോ? എങ്കിൽ ധനകാര്യ വകുപ്പിന്റെ വിയോജിപ്പ് മറികടന്ന്, അനുബന്ധത്തിൽ പറയുന്ന നിബന്ധനകൾ അംഗീകരിച്ച്, 5

പോലീസ് ഉദ്യോഗസ്ഥർക്ക് വീതം പ്രതിവർഷം ഓരോ കോഴ്സിലും (M.Sc കമ്പ്യൂട്ടർ സയൻസ്, M.Sc ഫോറൻസിക് സയൻസ്) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ചേർന്ന് പഠിക്കുന്നതിന് അനുമതി നൽകാമോ ?

4/7/22

11/7/22

8/7/22

15/7/22

**അനുബന്ധം**

**കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (CUSAT) സെന്റർ ഫോർ ഇന്റഗ്രേറ്റഡ് സ്റ്റഡീസിൽ 2 വർഷത്തെ M.Sc. കമ്പ്യൂട്ടർ സയൻസ്, M.Sc. ഫോറൻസിക് സയൻസ് എന്നീ കോഴ്സുകളിലേയ്ക്ക് പോലീസ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും, തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥർ പാലിക്കേണ്ട വ്യവസ്ഥകളും :-**

1) CUSAT നടത്തുന്ന കോമൺ എൻട്രൻസ് പരീക്ഷയിൽ, കൂടുതൽ മാർക്ക് ലഭിക്കുന്ന ആദ്യത്തെ 5 ഉദ്യോഗസ്ഥർക്ക് വീതം ഓരോ കോഴ്സിലും (M.Sc കമ്പ്യൂട്ടർ സയൻസ്, M.Sc ഫോറൻസിക് സയൻസ്) പോലീസ് ക്വാട്ടയിൽ പ്രവേശനം നൽകുന്നതാണ്.

2) അഡ്മിഷൻ നേടുന്ന പോലീസ് ഉദ്യോഗസ്ഥർ M.Sc കോഴ്സുകളുടെ ട്യൂഷൻ ഫീസ് സ്വന്തം കൈയിൽനിന്നും അടയ്ക്കേണ്ടതാണ്.

3) കോഴ്സ് പൂർത്തിയാക്കിയ ശേഷം 15 വർഷത്തെ സേവനകാലയളവ് ഉള്ളവരും ഈ കോഴ്സിലേയ്ക്ക് യൂണിവേഴ്സിറ്റി നിശ്ചയിച്ച അടിസ്ഥാന യോഗ്യതയുള്ളവരും മാത്രമേ അപേക്ഷിക്കുവാൻ അർഹതയുള്ളു.

4) കോഴ്സ് കാലയളവ് ( 2 വർഷം) ഡെപ്യൂട്ടേഷനായി പരിഗണിക്കും. ഡെപ്യൂട്ടേഷൻ കാലയളവിൽ, ടി ഉദ്യോഗസ്ഥർ വകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന അതേ നിരക്കിൽ ചട്ടപ്രകാരം അനുവദനീയമായ ശമ്പളം, ക്ഷാമബത്ത(DA), വീട്ടുവാടക ബത്ത (HRA) എന്നിവ അനുവദിക്കുന്നതാണ്.

5) ഉദ്യോഗസ്ഥർക്ക് പരമാവധി 2 വർഷത്തേയ്ക്ക് ( കോഴ്സ് കാലയളവ് ) മാത്രമേ ഡെപ്യൂട്ടേഷൻ അനുവദിക്കുകയുള്ളു. കോഴ്സ് കഴിഞ്ഞ് മടങ്ങിയെത്തുന്ന ഉദ്യോഗസ്ഥർ കോഴ്സിൽ പ്രവേശിക്കുന്നതിന് മുമ്പ് തുടർന്നിരുന്ന തസ്തികയിലോ സ്ഥലം മാറ്റം മുഖേനയോ സ്ഥാനകയറ്റം മുഖേനയോ നിയമിക്കുന്ന മറ്റൊരു തസ്തികയിലോ തുടർച്ചായി 15 വർഷം കേരള പോലീസിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്.

6) കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥർ പരാജയപ്പെടുന്ന പക്ഷം സാധാരണ അവധി , സ്പെഷ്യൽ അവധി കാലയളവുകൾ ഒഴികെ നിർബന്ധിത

സേവനം തടസ്സപ്പെട്ട തീയതി മുതൽ 18% പലിശ സഹിതം നിർണ്ണയിക്കപ്പെട്ട നഷ്ടം സർക്കാരിന് നൽകാൻ പോലീസ് ഉദ്യോഗസ്ഥർ ബാധ്യസ്ഥരായിരിക്കും.

6) മേൽ പരാമർശിച്ച നിർബന്ധിത സേവന കാലയളവ് പൂർത്തിയാക്കുന്നതിനു മുൻപ് ടി ഉദ്യോഗസ്ഥർ ഏതെങ്കിലും കാരണത്താൽ സർവീസിൽ നിന്നും രാജി വയ്ക്കുകയോ , സ്വയം വിരമിക്കുകയോ , മറ്റ് നിയമനം സ്വീകരിക്കുന്നതിനായി സേവനത്തിൽ നിന്നും വിടുതൽ ചെയ്യുകയോ ചെയ്താൽ തുടർച്ചയായ 15 വർഷത്തെ നിർബന്ധിത സേവന കാലയളവിൽ ടി ഉദ്യോഗസ്ഥന് അനുവദനീയമായ ആകെ ശമ്പളത്തിന് തുല്യമായ തുക നഷ്ടപരിഹാരമായി നൽകാൻ അവർ ബാധ്യസ്ഥരായിരിക്കും. കോഴ്സ് കാലാവധിയിൽ കൈപ്പറ്റിയ ശമ്പളത്തോടൊപ്പം 18% പലിശ സഹിതം നിർണ്ണയിക്കപ്പെട്ട നഷ്ടപരിഹാരം (liquidated damages ) തിരിച്ചടയ്ക്കേണ്ടതാണ്.

7) മേൽ വ്യവസ്ഥകൾ ഉദ്യോഗസ്ഥർ ലംഘിക്കുന്ന പക്ഷം, ആയത് സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ അറിയിക്കേണ്ടതും 1958 -ലെ Kerala Police Departmental Inquiries Punishment & Appeal Rules ലെ നടപടിക്രമങ്ങൾ പാലിച്ച് ടി ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്.

8) ഈ കോഴ്സിലേയ്ക്ക് തെരെഞ്ഞെടുക്കുന്ന ഉദ്യോഗസ്ഥർ മേൽ പ്രതിപാദിച്ച നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ചു കൊണ്ട് 200/-രൂപയുടെ സർക്കാർ മുദ്രപത്രത്തിൽ കടം വീട്ടുന്നതിന് നിയമപരമായി പ്രാപ്തരായ (solvent securities )രണ്ട് പേരുടെ ജാമ്യത്തോട് കൂടിയ ബോണ്ട് വയ്ക്കേണ്ടതാണ്.

69

GOVERNMENT OF KERALA

(SHRI.PINARAYI VIJAYAN MINISTRY)
Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | **A5/100/2021-Home** |
| 2. | Department | : | **Home (A) Department** |
| 3. | Subject | : | Home Department- Deputation of selected Police Personnel to attend the 2 year M.Sc Computer Science and M.Sc Forensic Science Courses at the Center of Intergrated Studies in Cochin University of Science and Technology (CUSAT) -reg. |
| 4. | Date of Chief Minister's order for placing before the Council | : | 20/04/2022 |
| 5. | 1. Does the case involve financial commitments/ implications | : | Yes |
| | 2. If the answer is in affirmative, whether the Finance Department been consulted and their remarks incorporated in the Note for the Council? | : | Yes |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Sri. Subhash R. |
| 8. | Name of Additional Chief Secretary who approved the Draft Note | : | Dr. V.Venu |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary | : | 8.7.22 |
| 10. | Name of Chief Secretary who approved the Draft Note | : | Dr.V.P.Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 11/7/2022 |
| 12. | Name of Minister who approved the Draft Note | : | Shri. Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister | : | |
| 14. | Date of submission of fair copies | : | |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the GO/letter communicating the decision | : | |

# NOTES FOR THE COUNCIL OF MINISTERS

This note deals with according sanction for the deputation of selected Police personnel to attend the two year M.Sc. Computer Science and M.Sc. Forensic Science courses at the Center for Integrated Studies, Cochin University of Science and Technology (CUSAT).

2) The State Police Chief has reported that a MoU was signed between Kerala Police Academy and Cochin University of Science and Technology on 29.08.2019 to conduct joint academic programmes and to organize thematic short-term training programmes. The State Police Chief has not sought prior sanction from Government for signing the MoU. The State Police Chief has reported that the officers who get admission have to pay the tuition fees of M.Sc Course by themselves and the first five officers who get higher marks on the basis of Common Entrance Examination conducted by CUSAT, are selected for admission in the police quota. The State Police Chief has requested to approve the MOU in the interest of bringing about professionalism in the Department through subject specialization and also to authorise to send out 5 Police personnel per course for attending the above course in every year

3) The remarks of Finance Department in this regard is as follows :

*" AD is informed that action of the Police department in*

*signing MoU for conducting joint academic programmes with Kerala Police Academy and Cochin University of Science and Technology without government consent is not in order, however as the case is fait accompli AD may take appropriate decision in the matter of ratification of the irregular action of Police* department.

*Regarding the point of sending police personnel on deputation for the said course, the proposed courses are regular academic courses of a University. The courses proposed to be conducted in no way directly linked to the job profile of the police personnel and joint conducting of such courses by Kerala Police academy and CUSAT may not be taken as a fit reason for sending police personnel for such courses on deputation.*

*Regarding the financial angle, the yearly salary of a policeman will be around Rs.8 Lakhs per annum, hence for sending five persons for two year Rs.80 Lakhs expenditure is involved. If the Police department needs the service of persons having qualification of the proposed courses, that department may resort for fetching personnel having such technical qualification from among the persons in service.*

*Police department in many proposals have reported that they are experiencing acute shortage of manpower. Hence keeping five posts vacant for a period of two years is not practical and the Police department will definitely demand for filling of posts vacated by the deputationists. Hence the government have to wage an amount of*

*Rs. 80 Lakhs, plus, two years pensionary service of five incumbents.*

*Since the course is not a one time course, if the deputation will be allowed the process will be a continuous affair which will have the effect of creation of five posts for sending incumbents for courses conducted by the CUSAT.*

*Nowadays, in government deputation benefits are allowed for higher studies only to Medical officers in Health allied departments, there also deputation benefits are not given to serving incumbents on getting PG admission outside service quota.*

*In view of the points noted above, 'Finance' does not agree to send police personnel for studying courses jointly conducted by CUSAT and KEPA on deputation basis and it is insisted that if persons are allowed for such courses the course period will be on LWA.*

*This has the approval of the Hon'ble Minister (Finance)."*

**4)** Today, Kerala Police has the most notable social media platform in the world. More than five lakh people have liked or shared the contents of this. At present, the modern Police system has a major responsibility to prevent the increasing cyber crimes around the world and to ensure cyber security. Caution against the pitfalls and dangers of the cyber world that pervades among our children is a serious challenge for the police. The Police Cyber dome is a system that has already received numerous recognitions of excellence. The cyber crime investigation needs to be further

improved in the future as well.

5) In addition to gathering information about those involved in a crime, identifying their common factors is a core element of criminal investigation. It has already been decided to start an adequate cyber section for this.

6) At present, the police have not adopted the practice of creating special posts for such cyber analysis and codification. Rather, it is carried out by utilising the services of engineering graduates in the Police Department. The present professional platforms are the product of such collective action. This excellence needs to be maintained, both in cyber crime detection and in social policing. The Course being a system for facilitating this, the State Police Chief signed MoU with CUSAT, one of the leading Universities in Kerala for enabling 5 Police Personnel to study MSc Computer Science. It is organized as a joint academic program and to organizing short term training program.

7) The Police personnel who attend regular course will be able to focus on learning about the issues in their area. It will be more beneficial than the method of selecting and recruiting those who generally completed the studies .

8) The Criteria for selecting the police officers and conditions to be followed by the selected officers for attending 2 year M.Sc. Computer Science and M.Sc. Forensic Science Courses at the Center for Integrated Studies, Cochin University of Science and Technology

(CUSAT) is attached as appendix.

Note :// 52 9) Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Point For Decision**

Whether the action in having signed a MoU between Kerala Police Academy and CUSAT for conducting joint academic programmes without prior sanction from Government may be ratified ? If so , whether 5 police officers may be allowed to study in each course (M.Sc Computer Science, M.Sc Forensic Science) on deputation basis every year, by overruling the objection of the Finance Department and accepting the terms and conditions mentioned in the appendix ?

4/7

4/7/22

8/7/22

11/7/22

## അനുബന്ധം

**കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (CUSAT) സെന്റർ ഫോർ ഇന്റഗ്രേറ്റഡ് സ്റ്റഡീസിൽ 2 വർഷത്തെ M.Sc. കമ്പ്യൂട്ടർ സയൻസ്, M.Sc. ഫോറൻസിക് സയൻസ് എന്നീ കോഴ്സുകളിലേയ്ക്ക് പോലീസ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും, തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥർ പാലിക്കേണ്ട വ്യവസ്ഥകളും :-**

1) CUSAT നടത്തുന്ന കോമൺ എൻട്രൻസ് പരീക്ഷയിൽ, കൂടുതൽ മാർക്ക് ലഭിക്കുന്ന ആദ്യത്തെ 5 ഉദ്യോഗസ്ഥർക്ക് വീതം ഓരോ കോഴ്സിലും (M.Sc കമ്പ്യൂട്ടർ സയൻസ്, M.Sc ഫോറൻസിക് സയൻസ്) പോലീസ് ക്വാട്ടയിൽ പ്രവേശനം നൽകുന്നതാണ്.

2) അഡ്മിഷൻ നേടുന്ന പോലീസ് ഉദ്യോഗസ്ഥർ M.Sc കോഴ്സുകളുടെ ട്യൂഷൻ ഫീസ് സ്വന്തം കൈയിൽനിന്നും അടയ്ക്കേണ്ടതാണ്.

3) കോഴ്സ് പൂർത്തിയാക്കിയ ശേഷം 15 വർഷത്തെ സേവനകാലയളവ് ഉള്ളവരും ഈ കോഴ്സിലേയ്ക്ക് യൂണിവേഴ്സിറ്റി നിശ്ചയിച്ച അടിസ്ഥാന യോഗ്യതയുള്ളവരും മാത്രമേ അപേക്ഷിക്കുവാൻ അർഹതയുള്ളൂ.

4) കോഴ്സ് കാലയളവ് ( 2 വർഷം) ഡെപ്യൂട്ടേഷനായി പരിഗണിക്കും. ഡെപ്യൂട്ടേഷൻ കാലയളവിൽ, ടി ഉദ്യോഗസ്ഥർ വകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന അതേ നിരക്കിൽ ചട്ടപ്രകാരം അനുവദനീയമായ ശമ്പളം, ക്ഷാമബത്ത(DA), വീട്ടുവാടക ബത്ത (HRA) എന്നിവ അനുവദിക്കുന്നതാണ്.

5) ഉദ്യോഗസ്ഥർക്ക് പരമാവധി 2 വർഷത്തേയ്ക്ക് ( കോഴ്സ് കാലയളവ് ) മാത്രമേ ഡെപ്യൂട്ടേഷൻ അനുവദിക്കുകയുള്ളൂ. കോഴ്സ് കഴിഞ്ഞ് മടങ്ങിയെത്തുന്ന ഉദ്യോഗസ്ഥർ കോഴ്സിൽ പ്രവേശിക്കുന്നതിന് മുമ്പ് തുടർന്നിരുന്ന തസ്തികയിലോ സ്ഥലം മാറ്റം മുഖേനയോ സ്ഥാനകയറ്റം മുഖേനയോ നിയമിക്കുന്ന മറ്റൊരു തസ്തികയിലോ തുടർച്ചായി 15 വർഷം കേരള പോലീസിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്.

6) കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥർ പരാജയപ്പെടുന്ന പക്ഷം സാധാരണ അവധി , സ്പെഷ്യൽ അവധി കാലയളവുകൾ ഒഴികെ നിർബന്ധിത

സേവനം തടസ്സപ്പെട്ട തീയതി മുതൽ 18% പലിശ സഹിതം നിർണ്ണയിക്കപ്പെട്ട നഷ്ടം സർക്കാരിന് നൽകാൻ പോലീസ് ഉദ്യോഗസ്ഥർ ബാധ്യസ്ഥരായിരിക്കും.

6) മേൽ പരാമർശിച്ച നിർബന്ധിത സേവന കാലയളവ് പൂർത്തിയാക്കുന്നതിനു മുൻപ് ടി ഉദ്യോഗസ്ഥർ ഏതെങ്കിലും കാരണത്താൽ സർവീസിൽ നിന്നും രാജി വയ്ക്കുകയോ , സ്വയം വിരമിക്കുകയോ , മറ്റ് നിയമനം സ്വീകരിക്കുന്നതിനായി സേവനത്തിൽ നിന്നും വിടുതൽ ചെയ്യുകയോ ചെയ്താൽ തുടർച്ചയായ 15 വർഷത്തെ നിർബന്ധിത സേവന കാലയളവിൽ ടി ഉദ്യോഗസ്ഥന് അനുവദനീയമായ ആകെ ശമ്പളത്തിന് തുല്യമായ തുക നഷ്ടപരിഹാരമായി നൽകാൻ അവർ ബാധ്യസ്ഥരായിരിക്കും. കോഴ്സ് കാലാവധിയിൽ കൈപ്പറ്റിയ ശമ്പളത്തോടൊപ്പം 18% പലിശ സഹിതം നിർണ്ണയിക്കപ്പെട്ട നഷ്ടപരിഹാരം (liquidated damages ) തിരിച്ചടയ്ക്കേണ്ടതാണ്.

7) മേൽ വ്യവസ്ഥകൾ ഉദ്യോഗസ്ഥർ ലംഘിക്കുന്ന പക്ഷം, ആയത് സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ അറിയിക്കേണ്ടതും 1958 -ലെ Kerala Police Departmental Inquiries Punishment & Appeal Rules ലെ നടപടിക്രമങ്ങൾ പാലിച്ച് ടി ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്.

8) ഈ കോഴ്സിലേയ്ക്ക് തെരെഞ്ഞെടുക്കുന്ന ഉദ്യോഗസ്ഥർ മേൽ പ്രതിപാദിച്ച നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ചു കൊണ്ട് 200/-രൂപയുടെ സർക്കാർ മുദ്രപത്രത്തിൽ കടം വീട്ടുന്നതിന് നിയമപരമായി പ്രാപ്തരായ (solvent securities )രണ്ട് പേരുടെ ജാമ്യത്തോട് കൂടിയ ബോണ്ട് വയ്ക്കേണ്ടതാണ്.

1/7/22